**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2736 13/03/2020-ൽ മറുപടിയ്ക്ക്

# അങ്കണവാടികളെ സർക്കാർ സ്കൂളുകളുമായി ബന്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ. പി.ജെ.ജോസഫ്**<br>**ശ്രീ. സി.എഫ്.തോമസ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അങ്കണവാടികളെ സർക്കാർ സ്കൂളുകളുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അങ്കണ വാടികൾക്ക് സ്കൂൾ വളപ്പിൽ തന്നെ പ്രവർത്തിക്കാൻ സൗകര്യമൊരുക്കുമോ;<br>(ബി) അടുത്ത അധ്യയന വർഷം മുതൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br>(സി) പ്രീപ്രൈമറി ഉള്ളതും ഇല്ലാത്തതുമായ സ്കൂളുകളിൽ പദ്ധതി നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) (ബി) & (സി) അങ്കണവാടികളെ പ്രീസ്കൂളുമായി ജൈവികമായി ബന്ധിപ്പിച്ച് വിഭവങ്ങൾ പരസ്പരം കൈമാറുന്ന ക്ലസ്റ്ററധിഷ്ഠിത പ്രീ-സ്കൂൾ സംവിധാനം പൈലറ്റായി 414 ക്ലസ്റ്ററുകളിൽ ചെയ്തു വരുന്നു. ഇവയുടെ ഫലപ്രാപ്തി വിലയിരുത്തിയതിന് ശേഷം മാത്രമേ തുടർ പ്രവർത്തന സാധ്യതയുള്ളൂ. |
| (ഡി) സ്കൂളുകളുടെ പരിസരത്തുള്ള ഒന്നിലധികം അങ്കണവാടികളെ ഇപ്രകാരം ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) പൈലറ്റായി ചെയ്യുന്ന ക്ലസ്റ്ററിൽ നിലവിൽ ഒരു പ്രീ-സ്കൂളിനോട് ചേർന്ന് മൂന്ന് അങ്കണവാടികളെയാണ് ബന്ധിപ്പിച്ചിരിക്കുന്നത്. |

Reena
സെക്ഷൻ ഓഫീസർ